**തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്**
(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

**സംഗ്രഹം**

ശബരിമല മണ്ഡലം-മകരവിളക്ക് മഹോത്സവം- ഭണ്ഡാരത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ. Roc. 10/2016/Sab തിരുവനന്തപുരം, തീയതി 21/03/2016

---

പരാമർശം : 02/03/2016 ലെ കോൺഫറൻസ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ യോഗത്തിൽ ശബരിമല ദേവസ്വത്തിൽ ഭണ്ഡാരത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

**ഉത്തരവ്**

a) ശബരിമല ദേവസ്വത്തിൽ ഭണ്ഡാരത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കെട്ടിടത്തിന്റെ ഘടനയ്ക്ക് ആവശ്യമായ മാറ്റം വരുത്തുന്നതിനും, ഭണ്ഡാരം കൺവെയർഭാഗം എയർ കണ്ടീഷൻഡ് ചെയ്യുന്നതിനും, കൗണ്ടിംഗ് സംവിധാനം പൂർണ്ണമായും ദൃശ്യവൽക്കരിക്കുന്നതിനും തീരുമാനിച്ചു.

b) ഭണ്ഡാരം ബിൽഡിംഗിന്റെ താഴത്തെ നിലയിൽ കൺവെയറിലൂടെയും മഹാ കാണിക്കയിലൂടെയും ലഭിക്കുന്ന വകകളും, മുകളിലത്തെ നിലയിൽ മറ്റ് നടകളിലെ വഞ്ചികളിൽ നിന്നും ലഭിക്കുന്ന വകകളും പ്രത്യേകമായി എണ്ണി തിട്ടപ്പെടുത്തി താഴത്തെ ഭാഗത്തെ തിരക്കു കുറക്കുന്നതിന് തീരുമാനിച്ചു. പോയിന്റ് (a) & (b) ആവശ്യമായ ക്രമീകരണങ്ങൾ രണ്ടു മാസത്തിനകം പൂർത്തിയാക്കുന്നതിന് ചീഫ് എഞ്ചിനിയർ (ജനറൽ) നെ ചുമതലപ്പെടുത്തി.

c) ഭണ്ഡാരത്തിലെ പരിശോധനാ സംവിധാനം കാലോചിതമായി മാറ്റുന്നതിനും, പരിശോധകർക്കും, ജീവനക്കാർക്കും ഒരേ രീതിയിലുള്ള വസ്ത്രധാരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുവാൻ ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)
സെക്രട്ടറി

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം ചീഫ് എൻജിനീയർ (ജനറൽ)
3. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
4. എക്സിക്യൂട്ടീവ് എൻജിനീയർ,പമ്പ
5. അസിസ്റ്റന്റ് എൻജിനീയർ,ശബരിമല
6. മരാമത്ത് സെക്ഷൻ
7. ഇ.ഡി.പി (വെബ് സൈറ്റ്)
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

21..03.2016
Vgk